പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1846 — 16.06.2014 ൽ മറുപടിക്ക്

## പോലീസിന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദഓട്ടോ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ആർ. സെൽവരാജ്<br>,, ലൂഡി ലൂയിസ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി.റ്റി. ബൽറാം | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | നഗരങ്ങളിൽ പോലീസിന്റെ നേതൃത്വത്തിൽ സ്ത്രീസൗഹൃദ ഓട്ടോപദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ടോ: | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി പകൽ ഭേദമെന്യേ സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നതുവഴി നഗരത്തെ സ്ത്രീസൗഹൃദ നഗരമാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (സി) | നഗരങ്ങളെ സ്ത്രീസൗഹൃദമാക്കുവാനും സ്ത്രീകളുടെ യാത്രാസുരക്ഷയ്ക്കും എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | നഗരത്തിൽ റസിഡന്റ്സ് അസോസിയേഷനുകൾ, സ്ത്രീ സംഘടനകൾ, നഗരസഭാ കൗൺസിലർമാർ, വനിതാ ഹോസ്റ്റലിലെ താമസക്കാർ എന്നിവരുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് ശല്യം ഉണ്ടാകാൻ ഇടയുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കുന്നുണ്ട്. കൂടാതെ വനിതകളുടെ പരാതികൾ സ്വീകരിക്കുന്നതിനായി 'വുമൺ ഹെൽപ് ഡസ്കുകൾ' സ്ഥാപിച്ചിട്ടുണ്ട്. തിരക്കേറിയ സ്ഥലങ്ങൾ, മാർക്കറ്റുകൾ, സ്കൂൾ കോളേജ് പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ 'വനിതാ ഷാഡോ പോലീസിനെ' നിയോഗിച്ചിട്ടുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ